**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 16.03.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15–ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.
സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.03.2016–ലെ മിനിട്സ് അംഗീകരിച്ചു

2. **പൊതുവിഷയങ്ങൾ**

2.1 **1203** തദ്ദേശഭരണ സ്ഥാപനങ്ങൾ **2951.79** കോടി രൂപ (**47.48** %) ചെലവഴിച്ചതായും ഇതിൽ **945** ഗ്രാമപഞ്ചായത്തുകൾ **1656.36** കോടി രൂപയും (**52.10** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **397.58** രൂപയും (**54.25 %) 14** ജില്ലാ പഞ്ചായത്തുകൾ **384.42** കോടി രൂപയും (**42.32**%), **86**മുനിസിപ്പാലിറ്റികൾ **317.83** കോടി രൂപയും, (**42.16**%), **6** കോർപ്പറേഷനുകൾ **195.58** കോടി രൂപയും (**30.30** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.
മുൻവർഷം ഇതേ സമയം ഗ്രാമപഞ്ചായത്തുകൾ 49%, ജില്ലാ പഞ്ചായത്തുകൾ 40%. മുനിസിപ്പാലിറ്റികൾ 47%, കോർപ്പറേഷനുകൾ 43% ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതിനാൽ കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപയും മുനിസിപ്പാലിറ്റി 15 ലക്ഷം രൂപയും കോർപ്പറേഷനുകൾ 25 ലക്ഷം രൂപയും തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് തെരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതിക്ക് വിധേയമായി അനുവദിച്ചു തീരുമാനിച്ചു.

2.3 2015–16 വാർഷിക പദ്ധതിയിൽ നടപ്പാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ജി.ഒ പ്രോജക്ടാക്കി തുക നേരിട്ട് (ത്രിതല പഞ്ചായത്ത് വിഹിതം, സംസ്ഥാന സർക്കാരിന്റെ അധിക സാമ്പത്തിക സഹായം) ഐ.എ.വൈ ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

2.4 ഐ.എ.വൈ പദ്ധതിക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ എടുത്ത വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിലേയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ 2015–16 പ്ലാൻ ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ടായി തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

2.5 ഐ.എ.വൈ പദ്ധതിക്കായി 2011–12 വർഷത്തിൽ അധിക ധനസഹായമായ 75000 രൂപ നൽകുന്നതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ 2015–16 പ്ലാൻ ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ടായി തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

2.6 ഇ.എം.എസ്. ഭവന പദ്ധതിക്കുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ തുക 2015–16 വാർഷിക പദ്ധതിയിൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളുടെ തുകയിൽ നിന്നും തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

2.7 2016–17–ലെ അംഗനവാടികളുടെ പോഷകാഹാര വിതരണത്തിന് ഡി.പി.സി. അംഗീകാരം ഇല്ലാതെ തന്നെ ചെലവഴിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 തിരുമാറാടി ഗ്രാമപഞ്ചായത്ത് (ഫയൽനം.128/ഡി.ഡി.2/2016/തസ്വഭവ)

വെട്ടിമൂട് പ്രദേശത്ത് ആരംഭിച്ച മാവേലി സ്റ്റോറിന് കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് 1 ലക്ഷം രൂപ സപ്ലൈകോയിൽ അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ജൈവ വാഴക്കൃഷി, ജൈവപച്ചക്കറിക്കൃഷിക്ക് സബ്സിഡി നിലവിലെ മാർഗരേഖ അനുസരിച്ച് നൽകേണ്ടതാണെന്നും ഗുണഭോക്താക്കളെ ഗ്രാമസഭകൾ തെരഞ്ഞെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

സർക്കാർ സ്ക്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

മെറിട്ടോറിയസ് സ്കോളർഷിപ്പ് മാർഗരേഖപ്രകാരം നൽകുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 താഴേക്കോട് ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിന് സ്വന്തമായി വെബ്സൈറ്റ് ആരംഭിക്കണമെന്ന ആവശ്യത്തിൽ നിലവിൽ പൊതുവായുള്ള വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്.

**(കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത്)**

വിളപ്പിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകിയ വകയിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തുക നൽകുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 കണ്ണൂർ ജില്ലാ പഞ്ചായത്ത്

2015 ജൂലൈയിൽ അലോട്ട്മെന്റിന് നൽകിയ 2 പ്രോജക്ടുകൾ സാംഖ്യയിൽ എൻട്രി ചെയ്യാത്തത് സംബന്ധിച്ചുള്ള തിരുത്തൽ വരുത്തുന്നത് പഞ്ചായത്തുകൾക്ക് സ്വയം ചെയ്യാവുന്നതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.7 കാലടി ഗ്രാമപഞ്ചായത്ത്

പുതിയ ഓഫീസ് കെട്ടിടത്തിന് കെ.എൽ.ജി.എസ്.ഡി.പി. വകയിരുത്തിയതിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 16 ലക്ഷം രൂപ തിരികെ തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.8 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

2015-16 സാമ്പത്തിക വർഷം പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടെന്നും കാലാവധി നീട്ടി നൽകേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

ട്രഷറിയിൽ ബില്ലുകൾ മാറുന്നതിന് നിലവിൽ നിയന്ത്രണമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഉദയഗിരി ഗ്രാമപഞ്ചായത്ത്**

ഇ.എം.എസ് ഭവന പദ്ധതിക്കായി ശ്രീ.അഗസ്റ്റിൻ പുറവകക്കാട്, താബോർ എന്ന ആളുടെ നിലവിലുള്ള വീടും 5 സെന്റ് സ്ഥലവും ഒഴികെയുള്ള സ്ഥലം വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തൃശൂർ ജില്ലാ പഞ്ചായത്ത്**

2015-16-ലെ ജലസമൃദ്ധി ഒന്നാം ഘട്ട പദ്ധതിക്ക് വകയിരുത്തിയ 67873029 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഐ.ഡി.ആർ.ബി.യിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തൃശൂർ ജില്ലാ പഞ്ചായത്ത്**

പുല്ലാങ്കുഴൽ വിദ്വാൻ ശ്രീ.മുരളി നാരായണൻ ഗിന്നസ് റെക്കോർഡ് നേട്ടം കൈവരിച്ചതിനാൽ 1 ലക്ഷം രൂപ പാരിതോഷികം നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പിറവം മുനിസിപ്പാലിറ്റി**

കായിക പരിശീലന പദ്ധതി ഡി.പി.സി. അംഗീകാരമില്ലാതെ മുൻകൂർ നടപ്പിലാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എം.ഡി.യുടെ കത്ത്**

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എൽ.ഇ.ഡി. ലൈറ്റുകളുടെ വിതരണം നടത്തുന്നതിന് യൂണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് കൊല്ലത്തിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 9 ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 23.03.2016 ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**